# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5125

28-10-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

ചോദ്യം

ശ്രീ. എം.വിൻസെന്റ് :

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയിൽ 19-05-2016 വരെ എത്ര ശതമാനം പണിയാണ് പൂർത്തിയാക്കിയത്; (ബി) ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം 26-09-2016 വരെ എത്ര ശതമാനം പണി പൂർത്തിയായി; വിശദമാക്കാമോ;

(എ) യും (ബി) യും

കൺസഷൻ കരാർ നിഷ്കർഷിക്കുന്നത് പ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണം ഉറപ്പുവരുത്തുന്നതിനായി നാല് നിർമ്മാണ നാഴികക്കല്ലുകൾ നിഷ്കർഷിച്ചിട്ടുണ്ട് (Milestones). സാധാരണയായി ഇത്തരം വൻകിട നിർമ്മാണ പദ്ധതികളിൽ ആദ്യ മാസങ്ങളിൽ എഞ്ചിനീയറിംഗ് ഡിസൈൻ, മൊബിലൈസേഷൻ എന്നി പ്രവൃത്തികളാണ് നടക്കുന്നത്. അതിനാൽ തന്നെ ശതമാന കണക്കിലുള്ള വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നിരുന്നാലും 19.05.2016 വരെയുള്ള കാലയളവിൽ മണ്ണു പരിശോധന, സർവ്വെ, ബ്രേക്ക് വാട്ടറിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം, ഒന്നാം ഘട്ട പര്യവേഷണ ഡ്രെഡ്ജിംഗ് എന്നിവ പൂർത്തിയാക്കി. കൂടാതെ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. കരാർ പ്രകാരം ആദ്യ നാഴികക്കല്ലായ 2016 ഡിസംബർ 4-ാം തീയതി (നിർമ്മാണം തുടങ്ങി ഒരു വർഷം പൂർത്തിയാകുന്ന ദിവസം) 10% നിർമ്മാണ പുരോഗതി കൈവരിച്ചിരിക്കണം. ആദ്യ നാഴികക്കല്ല് എത്തുന്ന മുറക്ക് ഇതു സംബന്ധിച്ചുള്ള വിലയിരുത്തൽ നടത്തുന്നതായിരിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26.09.2016 വരെ 400 മീറ്റർ നീളത്തി

ലുള്ള ബ്രേക്ക് വാട്ടറിന്റെ കോർ നിർമ്മാണം നടത്തിയിട്ടുണ്ട്.

(സി) വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പുതിയ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിനായി താഴെ പറയുന്ന നടപടികൾ കൈകൊള്ളുകയുണ്ടായി

1. നിർമ്മാണ നിർവഹണ മേൽനോട്ടത്തിനായി ഇന്റിപെന്റന്റ് എഞ്ചിനിയറെ നിയമിച്ചു.
2. പരിസ്ഥിതി സംബന്ധിച്ച് ദേശീയ ഹരിത ട്രൈബ്യൂണലിൽ നിലനിന്നിരുന്ന കേസുകളിൽ പദ്ധതിക്ക് അനുകൂലമായ വിധി നേടിയെടുത്തു.
3. ശേഷിക്കുന്ന ഭൂമിയെറ്റെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി.

**സെക്ഷൻ ഓഫീസർ**